**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ - ശ്രീ.അബ്ദുൾ ജബ്ബാറിനെ മേയറുടെ പി.എ. തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 2806/2016/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 04/10/2016.

---

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 22.07.2016 തീയതിയിലെ ഇ 6-16354/16 (1) നമ്പർ ഉത്തരവ്.

2. 29.07.2016 തീയതിയിലെ സ.ഉ.(സാധാ.) നം..2291/2016/ത.സ്വ.ഭ.വ.
3. കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.അബ്ദുൾ ജബ്ബാറിന്റെ 09.08.2016 തീയതിയിലെ അപേക്ഷ.
4. നഗരകാര്യ ഡയറക്ടറുടെ 07.09.2016 തീയതിയിലെ ഇ 6-9844/16/ന.കാ.വ. നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ റവന്യൂ ഓഫീസർ/ പി.എ.ടു.സെക്രട്ടറി/ അക്കൗണ്ട്സ്ഓഫീസർ/ കൗൺസിൽ സെക്രട്ടറി കേഡറിൽ കോഴിക്കോട് കോർപ്പറേഷൻ കൗൺസിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അബ്ദുൾ ജബ്ബാറിനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി, ജോലിയിൽ പ്രവേശിക്കുന്നതു മുതൽ ഒരു വർഷത്തേക്ക് കോഴിക്കോട് കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിൽ നിയമിച്ച് പരാമർശം രണ്ട് പ്രകാരം ഉത്തരവായി. ശ്രീ.അബ്ദുൾ ജബ്ബാറിന്റെ ശമ്പള സ്കെയിൽ 36,600-79,200/- (Revised) ആയിരുന്നു. പരാമർശം ഒന്ന് പ്രകാരം, ശ്രീ.അബ്ദുൾ ജബ്ബാറിനെ 45,800-89,000/- രൂപ ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറി ആയി നിയമിച്ചു. ആയതിനാൽ പരാമർശം രണ്ടിലെ ഉത്തരവ് ഭേദഗതി വരുത്തി കോഴിക്കോട് കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന ശ്രീ.അബ്ദുൾ ജബ്ബാറിന്റെ പരാമർശം മൂന്നിലെ അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2. മേൽ ശുപാർശ അംഗീകരിക്കാവുന്നതാണെന്നു സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ, 45,800-89,000 രൂപ ശമ്പള സ്കെയിലിൽ കോഴിക്കോട് കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.അബ്ദുൾ ജബ്ബാറിനെ കോഴിക്കോട്

കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിൽ, ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി, ജോലിയിൽ പ്രവേശിക്കുന്നതു മുതൽ ഒരു വർഷത്തേക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നില നിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമേശൻ എം.കെ.
ജോയിന്റ് സെക്രട്ടറി

മേയർ, കോഴിക്കോട് കോർപ്പറേഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
ശ്രീ.അബ്ദുൾ ജബ്ബാർ, ഡെപ്യൂട്ടി സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.